Fax : 0471-2301611
Phone : 0471-2300949 (Registrar)
2302756 (Office)
e-mail: registrartcmc@gmail.com

# TRAVANCORE–COCHIN MEDICAL COUNCILS

RED CROSS ROAD, THIRUVANANTHAPURAM-35

നം.സി. 4276/2012/എം.സി./updation/Homoeo

തീയതി: 30/01/2013

## ഹോമിയോപ്പതി ഡോക്ടർമാരുടെ ശ്രദ്ധയ്ക്ക്

ഈ കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഹോമിയോപ്പതി ഡോക്ടർമാരുടേയും ഏറ്റവും നവീനമായിട്ടുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ എടുത്ത് വരികയാണ്. ആയതിലേയ്ക്കായി 2012 ഡിസംബർ 31 വരെ ഈ കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഹോമിയോപ്പതി ഡോക്ടർമാരും ഇത് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 45 ദിവസത്തിനകം ഒരു കേരള ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ലൈഫ് സർട്ടിഫിക്കറ്റും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പും തപാൽ വഴി താഴെപ്പറയുന്ന വിലാസത്തിൽ അയച്ചു തരുകയോ അല്ലാത്തപക്ഷം അസൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഫോട്ടോ പതിപ്പിച്ചിട്ടുള്ള തിരിച്ചറിയൽ രേഖയും സഹിതം നേരിട്ട് ഈ ഓഫീസിൽ ഹാജരാവുകയോ ചെയ്യേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു. 2012 ഡിസംബർ 31 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഹോമിയോപ്പതി ഡോക്ടർമാരും ഇതൊരറിയിപ്പായി കരുതി മേൽപ്പറഞ്ഞ പ്രകാരമുള്ള രേഖകൾ സമർപ്പിക്കേണ്ടതും ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം പ്രസ്തുത ഡോക്ടർമാർ തങ്ങളുടെ പ്രാക്ടീസ് അവസാനിപ്പിച്ചിട്ടുള്ളതായോ ജീവിച്ചിരിപ്പില്ലെന്നോ അതതു സംഗതി പോലെ കരുതപ്പെടുന്നതും, അത്തരം ഡോക്ടർമാരുടെ പേരുകൾ 1953-ലെ തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ പ്രാകടീഷണേഴ്സ് ആക്ടിന്റെ 20-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് പ്രകാരം രജിസ്റ്ററുകളിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ എടുക്കുന്നതും ആണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

രജിസ്ട്രാർ

ട്രാവൻകൂർ-കൊച്ചിൻ
മെഡിക്കൽ കൗൺസിൽ,
റെഡ് ക്രോസ് റോഡ്,
തിരുവനന്തപുരം.